But as the Head of the administration, I may also give this assurance that, apart from the duty of this House, to do everything in their power to maintain the prestige and dignity of the Minister, whoever the individual may be, it is and will always be my endeavour as the Head of the administration to maintain his prestige. I think the present Minister and everybody else knows that, when there is the slightest onslought on the Minister, he has the fullest support of His Highness the Maharaja and the Diwan also. *(Hear, hear).* Now we will pass on to the next item in the day's business, *viz.* the Child Marriage Restraint Bill.

The Child Marriage Restraint Bill

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: സർ, കൊച്ചി ശൈശവവിവാഹ നിരോധനബിൽ ഈ സമ്മേളനത്തിന്റെ പരിഗണനക്കെടുക്കുന്നതിനു്....

Mr. T. A. Ramachandra Ayyar *(Nellayi):* I rise to a point of order. After the Bill is circulated it must go to a Select Committee unless the President waives the rule. This is not moved for a Select Committee.

Mr. President: I have suspended the Standing Order and I have allowed her to move the motion.

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: സർ, കൊച്ചി ശൈശവവിവാഹനിരോധന ബിൽ ഈ സമ്മേളനത്തിന്റെ പരിഗണനക്കെടുക്കുവാനായി അനുമതി നൽകിയതിനു്, ഞാൻ ബഹുമാനപ്പെട്ട പ്രസിഡൻറു് അവർകളോടു് ആദ്യമായിതന്നെ നന്ദിപറഞ്ഞുകൊള്ളട്ടെ. എന്റെ ഈ ബിൽ പൊതുജനാഭിപ്രായത്തിനായി അയച്ചതു് ഏറ്റവും ഉത്തമമായി എന്നമാത്രമെ എനിക്കു് പറയുവാനുള്ളൂ. അഖില കൊച്ചി കുടുംബിസമ്മേളനം എന്റെ ബില്ലിനെ സ്വാഗതം ചെയ്യുന്നു. അതുപോലെതന്നെ തൈരുസാരസ്വത ബ്രാഹ്മണരും എന്റെ ബില്ലിനെ സ്വാഗതം ചെയ്യുന്നു. അടുത്ത അവസരത്തിൽ എറണാകുളത്തുവെച്ചു് ബഹുമാനപ്പെട്ട കൊച്ചികണയന്നൂർ ഇരുഴവ മെമ്പർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ കൊച്ചി പുലയ മഹാസമ്മേളനത്തിൽവെച്ചു് എന്റെ ബില്ലിനെ പിൻതാങ്ങിക്കൊണ്ടുള്ള പ്രമേയം പാസ്സാക്കിയിരിക്കുന്നു. ഇനി ബ്രാഹ്മണസമുദായത്തിന്റെ അഭിപ്രായത്തെപ്പറ്റിയാണു് എനിക്കു രണ്ടുവാക്കു പറയുവാനുള്ളതു്. നിർബ്ബന്ധ ശൈശവ വിവാഹം കൊണ്ടുള്ള ദോഷങ്ങൾ അനുഭവിച്ചുവരുന്നതു് സ്ത്രീകളാണല്ലൊ. അതുകൊണ്ടു് ആ സമുദായത്തിൽപെട്ട സ്ത്രീകളുടെ അഭിപ്രായത്തെപ്പറ്റി ഞാൻ ആദ്യമായിതന്നെ പറഞ്ഞുകൊള്ളട്ടെ. ആ സമുദായത്തിലുള്ള എല്ലാസ്ത്രീകളും എന്റെ ഈ ബില്ലിനെ സ്വാഗതം ചെയ്തിരിക്കുന്നു എന്നുള്ള സംഗതി ഞാൻ ബഹുമാപ്പെട്ട മെമ്പർമാരുടെ ദൃഷ്ടിയിൽപെടുത്തിക്കൊള്ളുന്നു. സനാതനികളായ ചില ബ്രാഹ്മണർ എത്രതന്നെ ഭഗീരഥപ്രയത്നം ചെയ്തിട്ടും മറ്റൊരു ബ്രാഹ്മണസ്ത്രീയുടെ അഭിപ്രായംപോലും ഈ ബില്ലിനെതിരായി കൊണ്ടുവരുവാൻ സാധിച്ചിട്ടില്ലെന്നുള്ള സംഗതി ഞാൻ ഈ സഭമുമ്പാ

LIBRARY ARCHIVES Kerala Legislative Assembly

കെ അറിയിച്ചുകൊള്ളുന്നു. (ഹീയർ, ഹീയർ) അഖില കൊച്ചി വനിതാ സമ്മേളനത്തിൽ എന്റെ ബില്ലിനെ പിൻതാങ്ങിക്കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചപ്പോൾ ആ പ്രമേയത്തെ അതിശക്തിയായി പിൻതാങ്ങിയതു് കൊച്ചിൻ ഹൈക്കോടതിയിലെ ഒരു അഡ്വക്കേറ്റായ മിസ്റ്റർ എ. എൽ. ഗോവിന്ദ അയ്യരുടെ പത്നിയാണെന്നുള്ളതും പ്രസ്താവയോഗ്യമാണു്. ഞാൻ ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിൻവേണ്ടി അനുമതി ചോദിച്ചതുമുതൽക്കുതന്നെ ഈ ബില്ലിനെ അതിശക്തിയായി എതിർത്തുവരുന്ന ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളുടെ പ്രിയപുത്രിയുടെ ഈ ബില്ലിനെപ്പറ്റിയുള്ള അഭിപ്രായവുംകൂടി ഇവിടെ പറയുന്നതു് ഉചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു. രണ്ടുദിവസം മുമ്പു് അവർ കൌൺസിൽ സന്ദർശിക്കുന്നതിനുവേണ്ടി ഇവിടെ വന്നിരുന്ന അവസരത്തിൽ എന്റെ ബില്ലിനെപ്പറ്റിയുള്ള അഭിപ്രായം ഞാൻ അവരോടു് ചോദിക്കയുണ്ടായി. അവർ എന്നോടു് പറഞ്ഞ മറുപടി ഇപ്രകാരമാണു്. എനിക്കു് പഠിപ്പിന്റെ കാര്യത്തിൽ വളരെ ഉത്സാഹമാണുള്ളതെന്നും, പഠിക്കണമെന്ന മോഹം എനിക്കുണ്ടായിരുന്നുവെങ്കിലും അച്ഛനോടു് എത്രതന്നെ യാചിച്ചുപറഞ്ഞിട്ടും എന്നെ പഠിപ്പിക്കാതെ ഈ നിബ്ബന്ധ ശൈശവ വിവാഹംമൂലം വിവാഹംകഴിച്ചുകൊടുക്കുകയാണു് ചെയ്തതെന്നും എന്റെ വിവാഹം കഴിഞ്ഞിട്ടു് ഇപ്പോൾ മൂന്നുകൊല്ലത്തോളമായിട്ടുണ്ടെന്നും, പഠിക്കുവാൻ സാധിക്കാത്തതിൽ എനിക്കുള്ള സങ്കടം ഇപ്പോഴും തീർന്നിട്ടില്ലെന്നും ആണു് ആ ബാലിക എന്നോടു പറഞ്ഞതു്. (ചിരി) ആ വിവരം ഞാൻ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളോടു് പറയുകയും ചെയ്തു. ഇതുപോലെതന്നെയാണു് ആ സമുദായത്തിൽനിന്നു് എതിരഭിപ്രായങ്ങൾ അയച്ചിട്ടുള്ള സനാതനികളെന്നു പറയുന്ന ചില ബ്രാഹ്മണർ അവരുടെ ബാലികമാരോടു് ചെയ്യുന്ന കാനഷ്ഠവൃത്തികൾ എന്നു് ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. സ്ത്രീകളുടെ അഭിപ്രായങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഞാൻ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഇനി ആ സമുദായത്തിലുള്ള പുരുഷന്മാരുടെ അഭിപ്രായത്തെപ്പറ്റിയാണു് എനിക്കു രണ്ടുവാക്കു പറയുവാനുള്ളതു്.

ബ്രാഹ്മണർ സനാതനധർമ്മം അനുഷ്ഠിക്കുന്നവരാണെന്നും, അതുകൊണ്ടു് ഞാൻ അവതരിപ്പിച്ച ഈ ബിൽഈ നിയമസഭ പാസാക്കുന്നതായാൽ അവർക്കു് സനാതനധർമ്മപ്രകാരം നടക്കുവാൻ സാധിക്കുകയില്ലെന്നും മറ്റുമുള്ള സംഗതികളും അച്ചടിച്ച ചില കോപ്പികളും ഞാൻ കാണുകയുണ്ടായി. എന്നാൽ ഇന്നു് ആ സനാതനധർമ്മപ്രകാരം ആ സമുദായത്തിലുള്ള ഒരൊറ്റ പുരുഷനെങ്കിലും നടക്കുന്നുണ്ടോ എന്നു ഞാൻ അവരോടു് ചോദിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: വളരെപ്പേരുണ്ടു്.

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: ഞാൻ പറയാൻപോകുന്നതെന്താണെന്നു കേട്ടിട്ടു പറഞ്ഞാൽ കൊള്ളാം. സനാതനധർമ്മപ്രകാരം സാധാരണയായി ബ്രാഹ്മണർക്കു് വൈദികശാസ്ത്രമനുസരിച്ചുള്ള പ്രവൃത്തികളല്ലാതെ വേറെ ഒരു പ്രവൃത്തിയും എടുക്കുവാൻപാടില്ലെന്നുണ്ടു്. ഇതിനു് എതിരഭിപ്രായം പറഞ്ഞിട്ടുള്ള ബ്രാഹ്മണർ അവരുടെ സനാതനധർമ്മത്തിനെതിരായിട്ടു് സർക്കാർ ഉദ്യോഗത്തിൽ ഇപ്പോഴും ഇരിക്കുന്നുണ്ടു്. അങ്ങിനെ അവരുടെ സനാതനധർമ്മത്തിനെതിരായി സർക്കാർ ഉദ്യോഗത്തിൽ ഇരിക്കുന്നവർ അവരുടെ ഉദ്യോഗങ്ങൾ രാജിവെക്കുന്നതാണെന്നു് ബഹുമാനപ്പെട്ട ദിവാൻജി അവർകൾക്കു വാക്കുകൊടുക്കുന്ന പക്ഷം—ഞാൻ എന്റെ ഈ ബിൽ പിൻവലിക്കുവാൻ തയ്യാറാണു്. അതു

LIBRARY ARCHIVES Kerala Legislative Assembly

യംപോരെങ്കിലും ഗവൺമ്മെണ്ടു ജോലിയിൽനിന്നു പോയാൽ ആ സ്ഥാനങ്ങളിൽ അധികൃതസമുദായങ്ങൾക്കും മറ്റും ജോലികിട്ടുവാൻ വളരെ എളുപ്പമുള്ളതുമാണ്. ഇതിൽനിന്നുതന്നെ അറിയാം ആ സമുദായത്തിലെ പുരുഷന്മാർക്ക് അവരുടെ സ്ത്രീകളുടെ കായ്മ വരുമ്പോൾ മാത്രമേ സനാതനധർമ്മം ഓർമ്മവരുകയുള്ളുവെന്നും, അവരുടെ കായ്മത്തിൽ അവർക്ക് എന്തെങ്കിലും ഇഷ്ടംപോലെ പ്രവൃത്തിക്കാമെന്നും. സനാതനികളായ ബ്രാഹ്മണരെല്ലാം എന്റെ ബിൽലിനു് എതിരാണെന്നു പറയുന്നതു തെറ്റാണു്. അടുത്ത അവസരത്തിൽ തൃപ്പുണിത്തുറ മാങ്കായിസ്കൂളിലെ വാർഷികയോഗത്തിൽ ഞാൻ ഒരു പ്രാസംഗികയായി പോകുകയുണ്ടായി. എന്റെ പ്രസംഗത്തിൽ സനാതനികളായ ബ്രാഹ്മണർ ഈ ബിൽലിനെ എതുക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ ആ സ്കൂളിലെ ഹെഡ്മാസ്റ്റർ എന്നോടു് സനാതനികൾ മുഴുവനും എതിക്കുന്നുവെന്നു പറയുന്നതിൽ വളരെ വ്യസനമുണ്ടെന്നും, ഞങ്ങളും ശരിയായ സനാതനികളാണെന്നും, ഞങ്ങൾ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നുവെന്നും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായംതന്നെ ഞാനിവിടെ വായിക്കാം.

Mr. P. Sivaramakrishna Ayyar has stated as follows.—

"The Bill contemplates reformation, which is, indeed, long over due in this State. The objection to it is based mainly on deeprooted prejudice in favour of established customs. There cannot be any serious religious objections. The world is dynamic, not static. Every day, every moment, we are aware of changes, and our life has to be regulated according to these changes. Binding young boys and girls as man and wife without taking into consideration their sentiments and prospects is quite out of keeping with the progressive ideals of modern society. Temporal and spiritual laws aim at the welfare and progress of society and it is absolutely essential to do away with laws and customs that affect adversely the welfare and progress of society. The evils of child marriage are now too well understood to make reasonable people think of maintaining the system. Under the circumstances, I do whole-heartedly support the Bill".

ഇനി മറ്റൊരു സനാതനിയുടെ അഭിപ്രായംകൂടി ഞാനിവിടെ വായിക്കാം.

Mr. S. Neelakanda Ayyar of Chittoor says.

"The main fear of the so-called sanatanists is that, by being compelled to marry their girls after 14, they are made to contravene the Sastras. This point is entirely unfounded. It is not that a few obscure sanskrit slokas cannot be tortured out to yield their meaning; but the general sense by the scripture is that such details will vary with time and place and do not form the so-called eternal principles of sanatanadharma. The difference between sruthi and smrithi is quite fundamental and smiritis change with time and place and Manusmrithi itself says, practices change with times.

2. Now if we look at the practice prevailing in the Brahmin villages of today, the post-puberty marriage of girls is more common than otherwise. Of course puberty is not announced before marriage in many cases. Certainly the community

LIBRARY ARCHIVES Kerala Legislative Assembly

as a whole especially the womanfolk will not in the least be shaked by the Bill becoming law, only a few of the so-called sanatanists. The opinion against the practice contemplated by the Bill will be far far less than say, against temple entry which itself is not nowadays looked on with much disfavour.

3. The cry so often raised that the glorious Hindu civilisation is in danger because of this change is simply an ignorant illussion. The glory of Hindu civilisation stands on much surer foundation namely the recognition of the Divinity of man. So long as this eternal principle is not ignored and acted against, by the Hindus, they will sustain their glorious civilisation. The post-puberty marriages prevalent among the Nambudiries of Malabar has not de-Hinduised them in the past nor prevent them from having a glorious tradition. I hope this change, which has already come even before this Bill, will not in any way mar the marvellous Hindu culture and civilisation.

I anticipate no harm to the Hindu and other communities by the Bill becoming the law of the State.".

എന്റെ ഈ ബില്ലിനെ" എതിരഭിപ്രായം പറഞ്ഞിട്ടുള്ള മറ്റു പലരെ സംബന്ധിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ആദ്യമായി സമുദായംമറക്കാരുടെ അഭിപ്രായത്തെപ്പറ്റി പറയാം. സമുദായം മറങ്ങളിൽനിന്നും അഭിപ്രായങ്ങൾ അയച്ചിട്ടുള്ളതു് ആ സമുദായം മതത്തിലെ എല്ലാ ഭാഗങ്ങളുംകൂടി യോജിച്ചുള്ള അഭിപ്രായമല്ലെന്നു പറയാതെ നിവൃത്തിയില്ല. എറണാകുളം സമുദായം മതത്തിന്റെ കഥതന്നെ ആലോചിച്ചുനോക്കുക. എറണാകുളം സമുദായം മതത്തിൽനിന്നുള്ള അഭിപ്രായം എകോപിച്ചുള്ളതാണെന്നു പറയുന്നു. അതേ സമുദായത്തിൽപെട്ട പലരെ അംഗങ്ങളിൽനിന്നും എന്റെ ബില്ലിനു് അനുകൂലമായ അഭിപ്രായങ്ങളും കിട്ടീട്ടുണ്ടു്. കൊച്ചി രാജ്യത്തു് ആകെ 18 സമുദായമറങ്ങളുണ്ടെന്നു് ബഹുമാനപ്പെട്ട നെല്ലായി മെമ്പർ പറയുകയുണ്ടായി. സനാതനികൾ എത്രതന്നെ ശ്രീരഥപ്രയത്നം ചെയ്തിട്ടും ഈ സമുദായം മറക്കാർ മാത്രമാണു് എന്റെ ബില്ലിനെതിരഭിപ്രായം അയച്ചിട്ടുള്ളതു്. ബാക്കിയുള്ള പന്ത്രു സമുദായം മറക്കാരും എന്റെ ബില്ലിനെ സ്വാഗതംചെയ്യുകയാണു് ചെയ്തിരുന്നതു്. ഇനി എനിക്കു് കൊച്ചി പരദേശബ്രാഹ്മണസമുദായത്തെപ്പറ്റിയാണു് പറയാനുള്ളതു്. ആ സമുദായത്തിലും എല്ലാവരുടേയും യോജിച്ച അഭിപ്രായമല്ല അയച്ചിട്ടുള്ളതു്. അവർ പറയുന്നു, എനിക്കു് ബ്രാഹ്മണസ്ത്രീകളെ സംബന്ധിച്ചു കാര്യങ്ങളൊന്നും ഈ നിയമസഭയിൽ പറയുവാനുള്ള അധികാരമൊ അവകാശമൊ ഇല്ലെന്നു്. വായർ സമുദായത്തിൽപെട്ട എനിക്കു് നായർ സ്ത്രീകളുടേയും എന്റെ സ്നേഹിതയായ മിസിസ്സു് ഇയ്യുണ്ണിക്കു് കുസ്ത്യാനി സ്ത്രീകളുടേയും കാര്യങ്ങൾ മാത്രമേ പറയുവാൻ പാടുള്ളുവെങ്കിൽ ഈ കൊച്ചിരാജ്യത്തുള്ള മറ്റു സമുദായങ്ങളിൽ പെട്ട സ്ത്രീകളുടെ കാര്യങ്ങൾ പറയുവാൻ ഈ നിയമസഭയിൽ ആരാണുള്ളതെന്നു ഞാൻ അവരോടു ചോദിച്ചുകൊള്ളുന്നു. ഇവിടെ നമ്പൂതിരി ബിൽ, മക്കത്തായം തീയ്യ ബിൽ മുതലായ ബില്ലുകൾ അവതരിപ്പിച്ച അവസരത്തിൽ ആ സമുദായത്തിൽപെട്ട സ്ത്രീകളുടെ കാര്യത്തിൽ ഞങ്ങൾ അതിശക്തിയായി ഇവിടെ വാദിച്ചിട്ടുണ്ടു്. ഞങ്ങൾ രണ്ടു വനിതാമെമ്പർമാരും കൊച്ചി രാജ്യത്തുള്ള എല്ലാസമുദായങ്ങളിലുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളേയും പ്രതിനിധീകരിച്ചുകൊണ്ടാണ് ഈ നിയമസഭയിൽ വന്നിരിക്കുന്നതെന്നു സംശയമില്ലാതെ അറിയുവാൻ സാധിക്കാത്തതായ കൊച്ചി പരദേശബ്രാഹ്മണസമൂഹത്തിന്റെ അഭിപ്രായത്തിനു് ഒട്ടും തന്നെ വിലയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ബാലികമാരെ നിർബ്ബന്ധശൈശവവിവാഹംകൊണ്ടുള്ള ബുദ്ധിമുട്ടുകളിൽനിന്നു് രക്ഷിക്കുവാനും ബഹുമാനപ്പെട്ട നെല്ലായി മെമ്പർപ്പോലെയുള്ള സ്വാർത്ഥമാത്രന്മാരായ പിതാക്കന്മാരിൽനിന്നും പുത്രിമാർക്കു രക്ഷകിട്ടുവാനുമായിട്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഞങ്ങളുടെ അധികാരത്തെപ്പറ്റിയോ അവകാശത്തെപ്പറ്റിയോ ചോദിക്കുവാനുള്ള അധികാരമോ അവകാശമോ കൊച്ചി പരദേശബ്രാഹ്മണസമൂഹത്തിനു് എന്നതന്നെയല്ല ഒരൊറ്റ പുരുഷൻപോലും ഇല്ലെന്നാണ് ഞങ്ങളുടെ വാദം. ഈ സമുദായത്തിലുള്ള വളരെ പരിപ്പും അറിവും ഉള്ള ഡാക്ടർമാരുടെ അഭിപ്രായവും എന്റെ ബില്ലിനെ അനുകൂലിച്ചുള്ളതാണ്. ഈ ബില്ലിനു് എതിരഭിപ്രായം അയച്ചിട്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന മിസ്റ്റർ വി. ബി. വൈദ്യനാഥയ്യർ പറയുന്നു, ഋതുവാകുന്നതിനുമുമ്പു് പെൺകുട്ടിയെ വിവാഹംകഴിച്ചു കൊടുത്തില്ലെങ്കിൽ ആ പെൺകുട്ടി വൃഷളിയായിത്തീരുമെന്നും, ആ പെൺകുട്ടിയെ വിവാഹം കഴിക്കുന്ന പുരുഷൻ വൃഷളീപതിയാകുമെന്നും. ൪൫-ം, ൫൦-ം വയസ്സു പ്രായമായ വൃദ്ധബ്രാഹ്മണർ ൧൦-ം, ൧൫-ം വയസ്സു പ്രായമായ ബാലികമാരെ വിവാഹം കഴിക്കുന്നതിനേക്കാൾ എത്രയോ ഭേദമാണ് വൃഷളീപതിയായി ജീവിതം നയിക്കുക എന്നുള്ളതു് എന്നമാത്രമേ എനിക്കു് അദ്ദേഹത്തോടു് പറയുവാനുള്ളൂ. അതേ അഭിപ്രായംതന്നെയാണ് മിസ്റ്റർ കെ. രാമയ്യർ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ള പുസ്തകത്തിൽ മുഖവുര എഴുതീട്ടുള്ള, കഴിഞ്ഞ കൊല്ലംവരെക്കും Indian National Congress-ന്റെ എറണാകുളം ശാഖയുടെ President ആയിരുന്ന മിസ്റ്റർ A. S. Krishna Ayyar അവർകളോടും എനിക്കു പറയുവാനുള്ളതു്. മിസ്റ്റർ എൻ. എ. പരമേശ്വരയ്യർ മറെറാരു സംശയത്തെക്കുറിച്ചാണ് പറയുന്നതു്. ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകാരണം ഞാൻ നരകത്തിൽ പോകുമെന്നു് അദ്ദേഹം എന്നെ ശപിച്ചിരിക്കുന്നു. പക്ഷെ, എന്റെ ബിൽ ഈ നിയമസഭ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കി ധാർമ്മികചക്രവർത്തിയായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഏതൊരു ദിവസമാണ് ഈ ബില്ലിനു തൃക്കൈവിളയാടുന്നതു്, ആ ദിവസത്തിലാണ് എനിക്കുള്ള ശാപമോക്ഷമെന്നാണ് ഞാൻ വിശ്വസിക്കുന്നതു് (ചിരി). സനാതനധർമ്മത്തെപ്പറ്റി വളരെ കൊട്ടേഷനുകളോടുകൂടി മിസ്റ്റർ സി. എസ്സ്. രാമയ്യർ, ചിറയർ, അഭിപ്രായം പറഞ്ഞിട്ടുള്ളതു ഞാനിവിടെ വായിക്കാം. അദ്ദേഹം പറയുന്നു: "Having completed the stage of celibacy one should enter the life of a house-holder, from the life of a house-holder, one should pass on to the life of a forester and from the life of a forester one should renounce the world".

ഇപ്രകാരമാണോ എല്ലാ ബ്രാഹ്മണരും ചെയ്യുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇവിടെ ഡെറാഡൂൺ റിലീഫ് ബിൽ അവതരിപ്പിച്ചപ്പോഴും, വെറുമ്പാട്ടക്കൂടിയാൻ ബിൽ അവതരിപ്പിച്ചപ്പോഴും പലിശ കുറക്കുവാൻ പാടില്ലെന്നും മറ്റും അതിശക്തിയായി വളരെ വയസ്സായ ബ്രാഹ്മണർ എതിർക്കുകയുണ്ടായി. അവർ സനാതനധർമ്മത്തിനെതിരായിട്ടല്ലേ ഇപ്രകാരം എതിർത്തിട്ടുള്ളതു്. സനാതനധർമ്മപ്രകാരം അനുഷ്ഠിക്കുന്നവരാണെങ്കിൽ അവർ വയസ്സാ

LIBRARY ARCHIVES Kerala Legislative Assembly

യാൽ പലിശയുടെ കാര്യത്തെപറ്റിയും മറ്റും വാദിക്കാതെ, വാനപ്രസ്ഥത്തിനു് പോകേണ്ടുന്ന വഴിയെപറ്റിയാണു് ആലോചിക്കേണ്ടതു്.

പിന്നേയും അദ്ദേഹം പറയുന്നു.—".....So when a *Grahastha* grows old or sees his son's son he must live the life of an ascetic in the forest. *(Vana prastha)* മകന്റെ മകന്റെ മുഖം കാണുന്നതിനു് മുമ്പു് വാനപ്രസ്ഥത്തിനു് പോകേണ്ടതാണു്. അപ്രകാരം ഒരൊറ്റ ബ്രാഹ്മണനെങ്കിലും പോയിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. ഒരൊറ്റ ബ്രാഹ്മണൻ പോലും വാനപ്രസ്ഥത്തിനു് പോയിട്ടില്ലെന്നുള്ളതു് പല്ലാവക്കും അറിയാവുന്നതാണു്. ഈവക ആളുകളാണു് സനാതന ധർമ്മത്തെയും മറ്റും അടിസ്ഥാനപ്പെടുത്തി എന്റെ ബില്ലിനെ എതിർക്കുന്നതു". കൊച്ചീരാജ്യത്തെന്നതന്നെയല്ല ഇൻഡ്യാരാജ്യമൊട്ടുക്കും മൈനാറിട്ടിക്കാരെ രക്ഷിക്കുവാനായി മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, മൈനോറിട്ടിക്കാരായ ബാലികമാരെ രക്ഷിക്കേണ്ട ചുമതല എല്ലാ ബഹുമാനപ്പെട്ട മെമ്പർമാർക്കും, പരിഷ്കരിച്ചുതായ നമ്മുടെ കൊച്ചി ഗവർമ്മെൻറിനും ഉണ്ടെന്നാണു് എനിക്കു പറയുവാനുള്ളതു്. ശൈശവ വിവാഹനിരോധബിൽ ബ്രിട്ടീഷിൻഡ്യയിൽ പാസാക്കീട്ടു വളരെക്കാലമായി. അതുനിമിത്തം അവിടെയുള്ളവർക്കു യാതൊരു ഭ്രഷ്ടും ഉണ്ടായിട്ടില്ല. അവിടെയുള്ളവർ ഇവിടേയും, ഇവിടെയുള്ളവർ അവിടേയും ധാരാളമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. അപ്പോൾ ശൈശവത്തിൽ വിവാഹം കഴിച്ചില്ലെങ്കിൽ ഭ്രഷ്ടു് എന്നു പറയുന്നതിനും യാതൊരു അടിസ്ഥാനവും ഇല്ല.

ഇനി ഈ ബില്ലിനു് എതിരഭിപ്രായം അയച്ചിട്ടുള്ളവരോടു് എനിക്കു പറയുവാനുള്ളതു്.—ബ്രാഹ്മണ സമുദായത്തിൽപ്പെട്ട പുരുഷന്മാർ അവരുടെ മതാചാരപ്രകാരം നടക്കുന്നുണ്ടെങ്കിൽ സ്ത്രീകളായ ഞങ്ങളും അപ്രകാരം നടക്കുമായിരുന്നു. പുരുഷന്മാർക്കു അവരുടെ സൌകര്യംപോലെ സ്മൃതിക്കും മറ്റും വിപരീതമായ പലതും പ്രവൃത്തിക്കാമെങ്കിൽ എന്തുകൊണ്ടു് സ്ത്രീകൾക്കും ചില സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ പുരുഷന്മാർ ഇത്രയധികം വിരോധം കാണിക്കുന്നു. ഈ ബില്ലു് ഇവിടെ അവതരിപ്പിക്കുന്നതിനു് മുമ്പുതന്നെ ഇപ്രകാരം ഒരു ബില്ലു് ഞാൻ നിയമസഭയിൽ അവതരിപ്പിക്കുന്നതായാൽ അതിനു് ബഹുമാനപ്പെട്ട മെമ്പർമാർ അനുകൂലികളാകുമോ എന്നു് ചോദിച്ചപ്പോൾ, അവതരിപ്പിക്കുന്നതിനു് വിരോധമില്ലെന്നും, ഈ സഭ ബില്ലിനെ ഐകകണ്ഠ്യേന പാസ്സാക്കുന്നതാണെന്നും എനിക്കു വാക്കുതരികയുണ്ടായിട്ടുണ്ടു". ആ വാക്കിനെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻ ഇതു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട സാമാജികന്മാരും എന്റെ ഈ ബില്ലിനെ പിൻതാങ്ങുമെന്ന പൂർണ്ണ ബോദ്ധ്യത്തോടുകൂടി ഈ സഭയുടെ അനുകൂല്യത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

Mr. President: Though the attitude of the Government is one of neutrality, official members will be allowed to speak and vote as they like.

Mr. C. V. Iyyu *(Kunnamkulam):* If the lady member is prepared to exclude the Non-Malayalee Brahmins from the scope of the Bill, we will support her.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* I rise to present a petition under S. O. 60.

At this stage, (4-15 P. M.,) the President left the House and the Deputy President took the Chair.

Mr. T. S. Ramachandra Ayyar *(Chittur-Tattamangalam):* This is a petition from the members of the community to which I belong. Attached thereto are 733 signatures from the Brahmins, Chittur 177, Tattamangalam 101, Cranganur 101, Chalakudi 37, Trichur 109, Nemmara 60, Nelleppilly 64 and 84 from other places. They protest against the introduction of this measure. The petition mentions also the basic principles of *sanathanadharma* as laid down by the *smrithikarthas* like *Manu* and *Yagnavalkya.*

"കൊച്ചി നിയമസഭയിൽ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ ബ്രഹ്മശ്രീ ടി. എ. രാമചന്ദ്രയ്യർ അവർകൾ പ്രസ്താവിച്ചപ്രകാരം നമ്മുടെ 'ധാർമ്മിക ചക്രവർത്തി' തിരുമനസ്സുകൊണ്ട് ഈ ബില്ലിന്ന് ഒരിക്കലും അനുവാദം കൊടുക്കയില്ലെന്നും, പൂർണ്ണമായി വിശ്വസിക്കയും ഞങ്ങളുടെ ആഗ്രഹത്തെ സഫലമാക്കുന്നതിനും 'ധാർമ്മിക ചക്രവർത്തി' എന്ന ബിരുദനാമം ആചന്ദ്രതാരം അസേതു ഹിമാലയം മാറ്റൊലിക്കൊണ്ടു വിജയിക്കുമാറും മഹാരാജാവു തിരുമനസ്സിലേക്ക് അരേ: ഗദ്ധശാന്തയേയും ദീർഘായുസ്സിനെയും നൽകുമാറും സർവ്വശക്തനും സർവ്വസാക്ഷിയുമായ ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊണ്ട് കൊച്ചി നിയമസഭാ മെമ്പർമാരുടേയും നിയമസഭാ ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടവർകളുടേയും സംക്ഷമത്തിന് ഈ ന്യൂനപക്ഷക്കാരും ധർമ്മശാസ്ത്രാനുഷ്ഠാനത്തിൽ ഔത്സുക്യമുള്ളവരുമായ ബ്രാഹ്മണ സമൂഹത്തിന്റെ പ്രാർത്ഥനയെ അംഗീകരിച്ചു വളരെ ആപൽക്കരമായും അവക്ക് തീരെ ആവശ്യമില്ലാത്തതുമായ ഈ ബില്ലിനെ പാസ്സാക്കാതിരിപ്പാൻ അപേക്ഷിച്ചുകൊണ്ട് ഈ പത്രികയെ സമർപ്പിച്ചുകൊള്ളുന്നു.

സ്വസ്തിപ്രജാഭ്യഃ പരിപാലയന്താം
ന്യായേന മാർഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം—
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: മിസ്റ്റർ പ്രസിഡൻറ്, സർ, വളരെ സന്തോഷത്തോടുകൂടി ഈ ബില്ലിനെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഈ ബില്ലിനെതിരായി ആരുംതന്നെ വലിയ വലിയ കാരണങ്ങളൊന്നും പറഞ്ഞുകാണുന്നില്ല. സനാതനധർമ്മം, പരിപാവനമായ ധർമ്മം, പുരാതനമായ ധർമ്മം ഇവയെ അടിസ്ഥാനപ്പെടുത്തിയല്ലാതെ വല്ല തത്വങ്ങളും ലോകത്തിലുണ്ടോ എന്നു വിചിന്തനംചെയ്യുമ്പോൾ ഇല്ലെന്നുള്ള യഥാർത്ഥം മനസ്സിലാക്കുവാൻകഴിയും. ഈ ലോകത്തുള്ള പല പ്രത്യേകതരം വ്യക്തികളെ ഒട്ടാകെ അസമതത്വത്തിനും അടിമതത്വത്തിനും വിധേയമാക്കി നിറുത്തിയിരിക്കുന്നതാണ് ഈ സനാതനധർമ്മം. ഞാൻ അതിനെതിരായി പല സംഘടനകളിലും എപ്പെട്ടിട്ടുള്ള ഒരാളായതുകൊണ്ട് ഇന്നും ഈ വിഷയത്തിലും സനാതനധർമ്മത്തെ എതിർക്കുമ്പോൾ പ്രയോജനമുണ്ടാകാതിരിക്കയില്ലെന്നുള്ള വിശ്വാസത്തോടും അടിസ്ഥാനതത്വത്തോടുംകൂടിയാണ് ഞാൻ ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നതു്. ഈ സനാതനധർമ്മം ഞങ്ങളെ ക്ഷേത്രത്തിൽനിന്നും, റോഡിൽനിന്നും, മറ്റു പൊതു സ്ഥാപനങ്ങളിൽനിന്നും അകറ്റി നിറുത്തീട്ടുള്ളതു് പരമാർത്ഥത്തിൽ മറച്ചുവെക്കുവാൻ പാടില്ലാത്ത ഒരു അക്രമമാണു്. സനാതനധർമ്മത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഞാൻ അതിനെയെല്ലാം മനുഷ്യത്വത്തിന്റെപേരിൽ എതിർക്കുകയാണു് ചെയ്യുന്നതു്.

ഈ ബില്ലിനെ അനുകൂലിക്കുന്നവർക്കു് നരകമുണ്ടാകുമെന്നു് ഒരു സനാതനി പറഞ്ഞിട്ടുള്ളതായി ഈ ബില്ലിന്റെ അവതാരകി ഞാവരുടെ വിമർശനത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഈ കാര്യത്തിനുവേണ്ടി നരകം വരിക്കണമെന്നുണ്ടെങ്കിൽ അതാണു് യഥാർത്ഥമായ സ്വർഗ്ഗം, ആ നരകത്തിൽ പോകുവാൻ ഞാൻ തയ്യാറുമാണു്. ഈ നിയമസഭയിൽ എഴുതിവെക്കാത്ത ഒരു നടപടി ഉണ്ടെന്നു് ഇവിടെ പ്രസ്താവിച്ചുകേട്ടു. ഏതെങ്കിലും ഒരു സമുദായത്തെ പ്രത്യേകമായി ബാധിക്കുന്ന ഒരു നിയമം ഈ സഭയിൽ വരുമ്പോൾ ആ സമുദായത്തിൽപെട്ട അംഗങ്ങളുടെ അഭിപ്രായം എന്താണെന്നു് അറിഞ്ഞു് അവരുടെ അഭിപ്രായത്തോടുകൂടി യോജിക്കുക എന്നുള്ളതാണു് ആ നടപടി. യഥാർത്ഥം പറയുന്നതായാൽ ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഈ നിയമം ആക്കെക്കെ ബാധകമാകുമോ അവരിൽനിന്നു ചിലതെല്ലാം അനുകൂലിച്ചും ചിലർ സ്വന്തംനിലയിൽ അനുകൂലമാണെങ്കിലും സനാതനത്തെ ഭയന്നോ ഭീമഹർജികളെ ഭയന്നോ ഉള്ള എന്തോ ചിലകാരണങ്ങൾകൊണ്ടു് പ്രതികൂലിച്ചും അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ അവരാരും ഈ ബിൽ സമുദായത്തിനു് ആവശ്യമില്ലാത്തതാണെന്നുള്ളതിനു് ഒരുവിധ തെളിവുകളും എടുത്തിട്ടില്ല. അതു തെളിയിക്കുവാൻ ആ സമുദായത്തിലെ അംഗങ്ങളിൽ ആരും ശ്രമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഈ ബില്ലിനു് ആ സമുദായത്തിലെ ഭൂരിപക്ഷം ആളുകളും എതിരാണെന്നു് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അതു് കണ്ണുതുറക്കാതെ പറയുന്ന ഒരു എതിരാണെന്നുമാത്രമെ ഞാൻ വിശ്വസിക്കുന്നുള്ളൂ. അവർക്കുവേണ്ടി മറ്റേതെങ്കിലും സമുദായം ഈ ആചാരങ്ങളെ നിഷ്കാസനം ചെയ്യുമ്പോൾ അതിനിടക്കു നാമും മുറവിളി കൂട്ടേണ്ട എന്നു വിചാരിക്കുന്നതു് സ്വാഭാവികമായി ഉണ്ടാകാവുന്ന ഒരു വികാരമാണു്. ആ ആചാരങ്ങളിൽ വേരുറച്ചു നില്ക്കുന്ന ഒരു സമുദായത്തിന്റെ ആവക ആചാരങ്ങളെ പിഴുതുകളഞ്ഞു് അതിനെ നല്ല നിലയിൽആക്കി സ്ഥാപിക്കേണ്ട ചുമതല ഈ സഭയിലെ ഓരോ മെമ്പർമാർക്കും ഉണ്ടെന്നാണു് ഈ നിയമസഭയേയും എനിക്കു താഴ്മയായി ധരിപ്പിക്കുവാനുള്ളതു്. സനാതനധർമ്മം പണ്ടുമുതല്ക്കുതന്നെ ആചരിച്ചുവരുന്നതാകകൊണ്ടു് അതു് മാറുവാൻപാടില്ലാത്തതാണു് എന്നു പറയുന്നതു് തെറ്റാണു്. സമുദായങ്ങളുടേയും ജനങ്ങളുടേയും നടപടിരീതി കാലത്തിനനുസരിച്ചു് മാറേണ്ടിവരുമ്പോൾ സനാതനധർമ്മത്തിൽ ഇടക്കിടക്കു് ചില ഭേദഗതികളെല്ലാം ആവശ്യമാണു്. ഈ വക ആചാരങ്ങൾ ശാസ്ത്രങ്ങളായി മാറുന്നതിനെ സംബന്ധിച്ചു് മഹാകവി കുമാരനാശാൻ പാടീട്ടുള്ളതു് രാഗത്തിൽ ചൊല്ലുവാൻ എനിക്കു വശമില്ലെങ്കിലും ആ ഭാഗം ഈ സഭയെ ധരിപ്പിക്കുവാൻ ഞാൻവിചാരിക്കുന്നു. അതു് ഈ അവസരത്തിൽ ഉചിതമായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

"ഇന്നലെയെയ്തോരബദ്ധം
ഇന്നത്തെയാചാരമാകാം
നാളത്തെ ശാസ്ത്രമതാകാം
ആതിൽ മൂളായ്ക സമ്മതം രാജൻ"

LIBRARY ARCHIVES Kerala Legislative Assembly

ഈ മഹാകവി ഒരു ബ്രാഹ്മണനല്ല. ക്ഷേത്രപ്രവേശനമുള്ള ഒരു ഹിന്തുവല്ല, പിന്നെയോ സാഹിത്യ ചിന്തകന്മാരിൽ ഒരു വലിയസ്ഥാനം ലഭിച്ചിട്ടുള്ള ഒരു മഹാനാണ് അദ്ദേഹമെന്നുള്ള സംഗതി ഞാൻ ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരെ ധരിപ്പിച്ചുകൊള്ളുന്നു. സനാതനധർമ്മപ്രകാരം ഇങ്ങിനെ ഒരു ഈഴവനും കവിത എഴുതാമെന്നുള്ള ചോദ്യംതന്നെ ന്യായമാണ്. എന്നാൽ ആ ന്യായമനുസരിച്ച് മഹാകവി കവിതയെഴുതിട്ടുള്ളതല്ലെന്നു സമർത്ഥിക്കുവാൻ കൂടി ഞാൻ ഈ അവസരത്തെ സനാതനികൾക്കു ഉപയോഗപ്പെടുത്താം. ഈ സനാതനധർമ്മം ഞങ്ങൾക്കു തീരെ ബാധകമല്ല. അതുപോലെതന്നെ ബ്രാഹ്മണസമുദായത്തിൽപ്പെട്ട സ്ത്രീകൾക്കും സനാതനധർമ്മം ബാധകമല്ല. ഈ ബില്ലിനെപ്പറ്റി ബ്രാഹ്മണ സമുദായത്തിൽനിന്നുണ്ടായിട്ടുള്ള എതിരു്, യഥാർത്ഥത്തിൽ എതിരുണ്ടെന്നു പുറത്തു പറയുവാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ളതാണെന്നും, മിസ്റ്റർ അയ്യപ്പൻ പറയുന്നതുപോലെ ആചാരങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യസഹജമായ മാനസിക ഇക്കിളിമൂലം ഉണ്ടായിട്ടുള്ളതാണെന്നും മാത്രമെ പരിഗണിക്കേണ്ടതുള്ളൂ. പെൺകുട്ടികൾ ജനിച്ചു് മടിയിലിരുത്തി കളിപ്പിക്കുവാനുള്ള പ്രായമാകുമ്പോഴേക്കും വിവാഹം ചെയ്തുകൊടുക്കുന്ന അനീതിയെ നിവർത്തിച്ചെയ്യണമെന്നുള്ള ഈ ബില്ലിനെ ഈ സഭയിലെ എല്ലാ സാമാജികന്മാരും അനുകൂലിച്ചു് പാസാക്കണമെന്നു ഞാനപേക്ഷിക്കുന്നു. ഇതിൽ മറുപടിയായൊരു ചിന്തകൾക്കും ആവശ്യമില്ല. ഈ നിയമസഭയിലെ മറ്റു സമുദായാംഗങ്ങളെല്ലാം അവരവരുടെ സമുദായത്തിലുള്ള സ്ത്രീപുരുഷന്മാരെ ഇത്രയിത്ര വയസ്സിനുമുമ്പു വിവാഹം കഴിച്ചുകൊടുക്കാൻ പാടില്ലെന്നു നിയമപ്രകാരം വ്യവസ്ഥ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അങ്ങിനെയിരിക്കെ വേറെ ഒരു സമുദായത്തിനു് അതിൽനിന്നും എന്തു വ്യത്യാസമാണുള്ളതു്? ആ നിയമംതന്നെ അവർക്കുംകൂടി ബാധകമല്ലേ? എന്നുള്ള ചോദ്യത്തിനു യാതൊരു മറുപടിയും അവർ പറഞ്ഞിട്ടില്ല. അതുകൊണ്ടു ഓരോ മെമ്പർമാരും അവരവരുടെ നിയോജകമണ്ഡലത്തിലുള്ള ഭൂരിപക്ഷം ബ്രാഹ്മണർ ഈ ബില്ലിനെ എതിർത്തുവെന്നുള്ള തെറ്റിദ്ധാരണയെച്ചുകൊണ്ടു് ഈ ബില്ലിനെ എതിർക്കരുതെന്നു് എനിക്കപേക്ഷയുണ്ടു്. ഒരു നിയോജകമണ്ഡലത്തിൽ കുറെ ആളുകൾ എന്തെങ്കിലും കാര്യത്തിൽ എതിരായി നില്ക്കുന്നുണ്ടെങ്കിൽ ആ അഭിപ്രായം മാത്രമെ ആ നിയോജകമണ്ഡലത്തിലെ സാമാജികൻ പറയുവാൻ പാടുള്ളൂവെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു ശരിയല്ല. അങ്ങിനെ ഒരു നിയോജകമണ്ഡലത്തിലെ ചിലരുടെ അഭിപ്രായങ്ങൾക്കു് മെമ്പർമാർ ആധാരമടിസ്ഥാനപ്പെടേണ്ട ആവശ്യമില്ല. അവരുടെ അഭിപ്രായം അടിസ്ഥാനത്തോടുകൂടിയതാണോ, അതു നമ്മുടെ ചിന്തകൾക്കു വിഷയീഭവിപ്പിക്കുവാൻ വല്ല കാരണങ്ങളുമുണ്ടോ എന്നു പരിശോധിച്ചതിനുശേഷംമാത്രമെ അതു പുറത്തേക്കു പ്രകടിപ്പിക്കുവാൻ പാടുള്ളൂവെന്നുള്ളതു് പ്രധാനമായ ഒരു തത്വമാണു്. ആ തത്വം അംഗീകരിച്ചിട്ടില്ലാത്ത മെമ്പർമാരുണ്ടെങ്കിൽ അവരോടു് എനിക്കു പറയാനുള്ളതു് എന്റെ നിയോജകമണ്ഡലത്തിലുള്ള ബ്രാഹ്മണർ ഇതിനു് എതിരാണു്. അതുകൊണ്ടു ഞാനും ഈ ബില്ലിനെ എതിർക്കുന്നുവെന്നു പറയുന്നതു ശരിയല്ല എന്നാണു്, അങ്ങിനെയുള്ള ഗതാഗതികതത്വംവെച്ചുകൊണ്ടു് ആരും ഇതിനെ എതിർക്കരുതു്. ഈ ബില്ലു് ഈ സഭയിലെ എല്ലാ മെമ്പർമാരും ഒന്നുപോലെ പിൻതാങ്ങി ഉടനെ നിയമമാക്കുവാൻ വേണ്ടതു പ്രവൃത്തിക്കേണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, വളരെ വ്യസനത്തോടും വിഷാദത്തോടുംകൂടിയാണു് ഈ ബില്ലിനെ ഞാൻ എതിർക്കുന്നതു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: അതു ബുദ്ധിമുട്ടി എതിർക്കേണ്ട. (ചിരി)

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: വിവാഹസംബന്ധമായ കാര്യങ്ങളിൽ എനിക്കു് അഭിപ്രായം പറയുവാൻ അധികാരമുണ്ടോ എന്നു് എന്റെ മാന്യ സ്നേഹിതന്മാർ ചോദ്യം ചെയ്യുകയില്ലെങ്കിൽ ഈ ബില്ലിനെ എതിർക്കുന്നതിനു് എനിക്കു മതിയായ കാരണങ്ങളുണ്ടെന്നാണു് ഞാൻ പറയുന്നതു്. ''സനാതനധർമ്മം'' കൊണ്ടു കഷ്ടപ്പെട്ടിട്ടുള്ള ഒരു സമുദായത്തിൽപ്പെട്ട ആളാണെന്നതിനാലാണു ഞാൻ. പക്ഷെ, ഈ നിയമ സഭയിൽ കഴിഞ്ഞ കുറെക്കാലങ്ങളായി ഉണ്ടായിട്ടുള്ള നിയമനിർമ്മാണങ്ങളിൽ ഈ സഭ സ്വീകരിച്ചിരിക്കുന്ന നയത്തെ അനുസരിക്കുന്നപക്ഷം എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട തുഞ്ചിവപേരുർ ഈഴവമെമ്പർ പറഞ്ഞതുപോലെ അതു അത്ര അഗണ്യകോടിയിൽ തള്ളത്തക്ക ഒരു കൺവെൻഷനാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. സനാതനധർമ്മത്തെ ഞാൻ അനുകൂലിക്കുന്നതു കൊണ്ടല്ല ഈ ബില്ലിനെ എതിർക്കുന്നതു്. ''സനാതനധർമ്മം'' ചില പ്രത്യേക സമുദായക്കാരുടെ ആചാരങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ടെന്നും, ആ ആചാരങ്ങൾതന്നെ അവർ ഇപ്പോൾ ലംഘിക്കുന്നുണ്ടെന്നും, ഇപ്പോൾ അവരുടെയിടയിൽ ശൈശവവിവാഹംതന്നെയില്ലെന്നും ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പർ ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ പറഞ്ഞതായി ഞാൻ ഓർക്കുന്നുണ്ടു്. അതു ശരിയാണെങ്കിൽ വെറും ഭാവനാനിയന്ത്രിതമായ ദോഷങ്ങളെ പരിഹരിക്കുവാനാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു് വരുന്നു. വിവാഹം പ്രായം ചെന്നു കഴിക്കണമെന്നതിനെ സംബന്ധിച്ചു് എനിക്കു് യാതൊരു അഭിപ്രായവ്യത്യാസവുമില്ല പക്ഷെ ബ്രാഹ്മണ സമുദായത്തിൽ നടന്നുവരുന്ന വിവാഹങ്ങൾ വിവാഹങ്ങളായി പരിഗണിക്കപ്പെടുന്നുണ്ടെങ്കിലും അതിന്റെ പരിണതി വിവാഹംകഴിഞ്ഞു് പ്രായപൂർത്തിവന്നതിനുശേഷം മാത്രമെ ഉള്ളുവെന്നു് ബ്രാഹ്മണ സമുദായത്തിൽപെട്ട ചില സ്നേഹിതന്മാർ എന്നോടു പറയുന്നു. സാധാരണ പേരിടൽ, (നാമകരണം) ഉപനയനം മുതലായ ആചാരങ്ങളെപോലെ പ്രായോഗികമായ നിലയിൽ യാതൊരു തരക്കേടും ഇല്ലാത്ത ഒന്നായിട്ടു മാത്രമെ ശൈശവ വിവാഹത്തെ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. ഈ ബില്ലുകൊണ്ടു വാസ്തവത്തിൽ ആർക്കും യാതൊരു ഗുണവും സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, ന്യൂനപക്ഷ സമുദായങ്ങളുടെ നടപടികളെ ക്രമീകരിക്കുകയും, അവരുടെ അഭിപ്രായങ്ങൾക്കെതിരായി ഭൂരിപക്ഷ സമുദായപ്രതിനിധികളുടെ സംഖ്യാബലത്താൽ ഒരു നിയമം ഉണ്ടാക്കിയെന്നുള്ള അപഖ്യാതിക്കു ഈ നിയമസഭ വിധേയമായിത്തീരുകയുമാണു ചെയ്യുന്നതു്. ബഹുമാനപ്പെട്ട തുഞ്ചിവപേരുർ ഈഴവ മെമ്പർ അവതരിപ്പിച്ച കൊച്ചു മക്കത്തായം തീയ്യബില്ലിന്റെ അവതരണത്തിനുശേഷം ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളിൽനിന്നു് സാമുദായിക നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ആ സമുദായത്തിന്റെ ഭൂരിപക്ഷാഭിപ്രായത്തിനു ശക്തിയും ഗണനയും നൽകുക എന്നുള്ള കൺവെൻഷൻ ഇവിടെ സ്ഥാപിച്ചിട്ടുള്ളതായി നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ.

മക്കത്തായം തീയ്യബില്ലിനോടു് എല്ലാവർക്കും അനുകൂലമായ അഭിപ്രായമുണ്ടായിരുന്നെന്നതു പറയുവാൻ നിവൃത്തിയില്ല. അച്ഛൻ മരിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പുരുഷസന്താനത്തിനും സ്ത്രീ സന്താനത്തിനും ധനം ഭാഗം ചെയ്യുമ്പോൾ ഒരു പുരുഷനു കിട്ടുന്നതിൽ പകുതി മാത്രമെ ഒരു സ്ത്രീക്കു ഭാഗം വെച്ചിട്ടുള്ളുവെന്നുള്ളതു ആളോഹരിഭാഗവും സമഭാഗവും വെച്ചിട്ടുള്ള നായർ സമുദായത്തിന്റെ ദൃഷ്ടിയിൽ ഒരുപക്ഷെ യോജിക്കാതെവരും. എന്നാൽ നായർ സമുദായത്തിലുള്ള ആളുകൾ ആ ബില്ലിനു യാതൊരു എതിരും പറഞ്ഞിട്ടില്ലെന്നുള്ളതു് ഓർക്കേണ്ടതാണു്. അതുകൊണ്ടു് സാമുദായിക നിയമങ്ങളെ സംബന്ധിച്ചു് നമുക്കു് അങ്ങിനെയുള്ള ഒരു നില സ്വീകരിക്കുന്നതായിരിക്കും നല്ലതു്.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ ബിൽ ബാധകമാകുന്ന ഒരു സമുദായത്തിലെ ഒരംഗമാണു് ഞാൻ. ഈ ബില്ലിനാൽ നിയന്ത്രിക്കപ്പെടുന്നതായ വിവാഹസമ്പ്രദായമനുസരിച്ചു് ഇപ്പോൾതന്നെ നടപ്പടിയുള്ള സമുദായങ്ങളിൽ ഉൾപ്പെട്ട ആളുകളേയും, അല്ലാത്തവരേയും കൂടി പ്രതിനിധീകരിക്കുന്ന ഒരാളാണു് ഞാൻ. കൃസ്ത്യാനികളിൽ ഞാൻ ഉൾപ്പെടുന്ന വിഭാഗമൊഴിച്ചു് ബാക്കിയുള്ള എല്ലാ കൃസ്ത്യൻ വിഭാഗങ്ങളുടേയും മതാധികാരികൾ വിവാഹം കഴിച്ചുകൊടുക്കുന്നതിനു് വധുവിന്റേയും വരന്റേയും ഏറ്റവും കുറഞ്ഞ വയസ്സു ക്രമീകരിച്ചിട്ടുണ്ടു്. പരദേശബ്രാഹ്മണർക്കുള്ള രീതിയിൽ ജ്ഞാതുവാകുന്നതിനുമുമ്പു് വിവാഹം കഴിച്ചില്ലെങ്കിൽ ഞങ്ങൾക്കു മതഭ്രഷ്ടോ ജാതിഭ്രഷ്ടോ ഇല്ല. പരദേശബ്രാഹ്മണരുടെയിടയിൽ പത്തു വയസ്സിനു താഴെയുള്ള വിവാഹം ഈ നാട്ടിൽപോലും നടക്കുന്നുണ്ടെങ്കിലും അങ്ങിനെ നടക്കുന്ന വിവാഹങ്ങളെ നിറുത്തൽചെയ്യുന്നകാര്യത്തിൽ അവർക്കു പൊതുവെ ഭിന്നാഭിപ്രായം ഉള്ളതായി എനിക്കു തോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും വളരെ നിസ്സാരമായ ഒരു ഭിന്നാഭിപ്രായമേ ഉണ്ടായിരിക്കയുള്ളു. എനിക്കു് എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം നടപ്പിൽ വരുത്തുന്നതു സംബന്ധിച്ചു പ്രതിഷേധമൊന്നുമില്ല. എന്നാൽ അതു മതത്തിനു ബാധകമാണെന്നു വല്ല സമുദായങ്ങളും വിശ്വസിക്കുന്നുണ്ടെങ്കിൽ ബില്ലിനെ എതിർക്കാതെ നിവൃത്തിയില്ല. മതസംബന്ധമായ പല കാര്യങ്ങളും നമ്മുടെ ദൃഷ്ടിയിൽ ചിലപ്പോൾ മൂകവിശ്വാസങ്ങൾകൊണ്ടു് സ്ഥാപിതമായതെന്നുതോന്നുമായിരിക്കാം. മതാഭിപ്രായങ്ങളും ന്യായങ്ങളുംകൊണ്ടും, യുക്തികൾകൊണ്ടും സ്ഥാപിക്കുന്നതിനു് നിവൃത്തിയില്ലാത്തവയാണു്. മിക്ക സംഗതികളിലും കണ്ണടച്ചു വിശ്വസിക്കേണ്ടതായ മൂഢവിശ്വാസങ്ങളും ദുരാചാരങ്ങളും ഇല്ലാത്ത മതങ്ങൾ ഇന്നു ലോകത്തിലെങ്ങുതന്നെയില്ല. പരമാർത്ഥത്തിൽ ഒരു സമുദായത്തിനു് ഹാനികരമാണെന്നു് ആ സമുദായക്കാർ അഭിപ്രായപ്പെടുന്ന സംഗതികൾ അവരുടെ തലയിൽ വെച്ചുകെട്ടണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. തമിഴു് ബ്രാഹ്മണരിൽ അപൂർവ്വം ചില ഉല്പതിഷ്ണുക്കൾ ഉണ്ടെന്നു് ഈ ബില്ലിന്റെ അവതാരകൻ ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ചീഫ് മെമ്പർ അവർകൾ അനേകശതം ബ്രാഹ്മണരുടെ പ്രതിഷേധവും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ബഹുമാനപ്പെട്ട അവതാരകൻ മാത്രമാണു് സ്ത്രീകളുടെ പ്രതിനിധിയായി തനിച്ചുനില്ക്കുന്നതെന്നുപറഞ്ഞതു ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അവർ യഥാർത്ഥത്തിൽ എറണാകുളം പട്ടണത്തിലുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും പ്രതിനിധിയാണു്. അതുപോലെതന്നെ ഞങ്ങളും സ്ത്രീകളുടേയും പുരുഷന്മാരുടേയും പ്രതിനിധികളാണു്. സ്ത്രീകളെ പ്രതിനിധീകരിക്കാത്ത നിയോജകമണ്ഡലങ്ങൾ ഈ നിയമസഭയിൽ രണ്ടെണ്ണം മാത്രമേയുള്ളു. ഒന്നു് ബഹുമാനപ്പെട്ട വാണിജ്യമെമ്പറും, മറ്റൊന്നു ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പറും. ബാക്കിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വരെല്ലാം ഈ രാജ്യത്തെ സ്ത്രീകളേയും പുരുഷന്മാരേയും പ്രതിനിധീകരിക്കുന്നവരാണു്.

മിസ്റ്റർ പോപ്പട്ട്"ലാൽ ഗോവൽനലാലൻ: ഇൻഡസ്ട്രിയൽ സംബന്ധമായി സ്ത്രീകളുംകൂടി വാണിജ്യനിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുന്നുണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: എന്നാൽ ബഹുമാനപ്പെട്ട തോട്ടക്കാരുടെ പ്രതിനിധി മാത്രമെ സ്ത്രീകളെ പ്രതിനിധീകരിക്കാതെ ഇവിടെയുള്ളു. അതുകൊണ്ടു് സ്ത്രീകളെ സംബന്ധിച്ചിടത്തോളമുള്ള ഉത്തരവാദിത്വം നിങ്ങൾക്കുള്ളതുപോലെതന്നെ ഞങ്ങൾക്കും ഉണ്ടെന്നുള്ള വിശ്വാസക്കാരനാണു് ഞാൻ. "പെങ്കുട്ടികൾ പ്രായമാകുന്നതിനുമുമ്പു് വിവാഹം കഴിക്കപ്പെട്ടുന്നതായാൽ അവക്കു ബുദ്ധിയുണ്ടാകയില്ല, തന്റേടമുണ്ടാകയില്ല, ഭ്രാന്തുണ്ടാകും" എന്നിങ്ങനെ പലേ ദോഷാരോപണങ്ങളും ഈ ബില്ലിന്റെ അവതാരകൻപറയുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട ഒരു അഭിഭാഷകപ്രമാണിയായ മിസ്റ്റർ എ. എസ്സ്. കൃഷ്ണയ്യരുടെ മുഖവുരയോടുകൂടി പ്രസിദ്ധീകൃതമായ ഒരു ലഘുപത്രികയിൽ മിസ്സിസ് മേനോൻ പറയുന്ന അഭിപ്രായങ്ങൾക്കു എതിരായ അഭിപ്രായങ്ങളും ധാരാളമുണ്ടു്. നമ്മുടെ രാജ്യത്തുള്ള പരിചയംകൊണ്ടു് ആലോചിച്ചുനോക്കിയാൽ ഈ ദൃഷ്ടിച്ചുതെന്നു അധിക്ഷേപിക്കപ്പെട്ടുന്ന സമ്പ്രദായം ആചരിച്ചുവരുന്ന തമിഴ്ബ്രാഹ്മണസമുദായം ഇൻഡ്യാരാജ്യത്തുള്ള മറ്റെല്ലാ സമുദായക്കാരേക്കാളും എല്ലാപ്രകാരത്തിലും ബുദ്ധികൊണ്ടും, പ്രാപ്തികൊണ്ടും, ആരോഗ്യംകൊണ്ടും ഇതരസമുദായങ്ങളെ കവച്ചുവെക്കുകയാണു് ചെയ്യുന്നതു്. മിസ്സിസ് മേനോന്റെ ഈ ബിൽ ഇവിടെ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്താൽ മറ്റുള്ളവരുടെ തലയിൽ കയറി ഇപ്പോൾത്തന്നെ നില്ക്കുന്ന ബ്രാഹ്മണർ അതിലും കുറേക്കൂടി വീരന്മാരായി തീരുമല്ലൊ എന്നു താൻ ഭയവിഹ്വലനായിരിക്കുന്നു എന്നു് എന്റെ ഒരു മാന്യസ്നേഹിതൻ പറകയുണ്ടായി. ഏതായാലും ബ്രാഹ്മണസമുദായത്തിന്റെ തിന്മക്കായിട്ടെങ്കിലും ഈ ബിൽ പിൻവലിക്കാൻ ബഹുമാനപ്പെട്ട ആവതാരകയോടഭ്യർത്ഥിക്കുന്നു എന്നു ഫലിതസമ്മിശ്രമായ രീതിയിൽ ഞാൻ ഈ സഭമുമ്പാകെ പറഞ്ഞുകൊള്ളുന്നു. രാഷ്ട്രീയസംബന്ധമായും മതതത്വസംബന്ധമായും ഉള്ള അനഭവങ്ങൾകൊണ്ടു് ഇന്നു് ബ്രാഹ്മണസമുദായത്തിൽ പറയത്തക്ക ദോഷങ്ങൾ ഉള്ളതായി ഞാൻ കണ്ടിട്ടില്ല. പരദേശബ്രാഹ്മണരെപ്പറ്റിയാണു് ഞാൻ ഇതുവരെ പറഞ്ഞതു്. ശൈവസാരസ്വത സമുദായത്തിലെ ഒരു അംഗമായ മിസ്റ്റർ ഗോവിന്ദപൈ ഈ ബില്ലിനെ അനുകൂലിക്കുന്ന ഒരാളാണു്. അദ്ദേഹം അനുകൂലിച്ചതിന്റെ ഫലമാണു് ഈ ബിൽ ഈ സ്റ്റേജിൽ എത്തിയതു്. അല്ലെങ്കിൽ ഈ നാട്ടിലെ ബ്രാഹ്മണരല്ലാത്ത എല്ലാവരും ബഹുമാനപ്പെട്ട കണയന്നൂർ ഇഴവമെമ്പർ പറഞ്ഞമാതിരി ഇതു് ഒരു സാമുദായികനിയമമായി ഗണിക്കുമായിരുന്നു.

മിസ്സിസ്. തങ്കമ്മ എൻ. മേനോൻ: അന്നു് അങ്ങിനെയാരും എതിർത്തില്ലല്ലൊ.

മിസ്റ്റർ സി. വി. ഇയ്യു: അനുകൂലിച്ചുമില്ല. മിസ്റ്റർ ഗോവിന്ദപൈയുടെ അനുകൂല്യമുണ്ടായിരുന്നില്ലെങ്കിൽ കണയന്നൂർ ഇഴവമെമ്പർ പറഞ്ഞമാതിരി ഈ നിയമസഭയുടെ പാരമ്പര്യനടപടികൾ പാലിക്കത്തക്കനിലയിൽ ഈ ബില്ലു് ആദ്യപ്രതിവാദത്തിൽതന്നെ തള്ളിക്കളയപ്പെട്ടുമായിരുന്നു.

ഞാൻ ഇന്നും ഇന്നലെയുമായി ശൈവസാരസ്വത സമുദായത്തിൽപെട്ട പലരോടും ഈ ബില്ലിനെപ്പറ്റിയുള്ള അവരുടെ അഭിപ്രായം ചോദിക്കുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. ആ സമുദായത്തിൽ സ്ഥാനംകൊണ്ടും യോഗ്യതകൊണ്ടും സ്ഥിതികൊണ്ടും ഇപ്പോൾത്തന്നെ ഉന്നതസ്ഥാനത്തിലുള്ള ഒരു മാന്യൻ—ആളുടെ പേരു പറയുന്നില്ല—എന്നോടു താനതുപറഞ്ഞതു്.—

ഡോക്ടർ എ. ആർ. മേനോൻ: എന്തു പറഞ്ഞിരിക്കുന്നു?

മിസ്റ്റർ സി. വി. ഇയ്യു: പറയാം. ആളുടെ പേരുമാത്രം ഞാൻ പറയുന്നില്ല.

മിസ്റ്റർ പി. തോവിന്ദമേനോൻ: അങ്ങിനെ ഒരാളുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: അദ്ദേഹത്തിന്റെ സ്വന്തനിലയിൽ ബില്ലിനു് വിരോധിയല്ലെന്നും പക്ഷെ, സമുദായത്തിന്റെ അഭിപ്രായമനുസരിച്ചു് നോക്കുമ്പോൾ ആ സമുദായം ബില്ലിനെ അനുകൂലിക്കുന്നില്ലെന്നും സാധുക്കളായ ആളുകളുടെ കാര്യത്തിൽ ആ സമുദായത്തിനു ബിൽ ബാധകമാക്കുന്നപക്ഷം ദോഷമാണെന്നും പറയുകയുണ്ടായി. എതുവിധമായാലും സൈദ്ധാന്തികത സമുദായക്കാരുടെ സമൂഹമഠക്കാക്കുള്ള യാതൊരു അഭിപ്രായങ്ങളും ഈ സഭയിൽ രേഖപ്പെടുത്തിട്ടില്ല. മിസ്റ്റർ പൈ ഒറ്റ ഒരാൾ മാത്രമെ ഇതിനോടു് അവരുടെ സമുദായത്തിൽനിന്നു് അനുകൂല്യം രേഖപ്പെടുത്തീട്ടുള്ളു. അവരുടെ സമുദായത്തിൽ ഇംഗ്ലീഷും മലയാളവും അറിയാത്ത പലരുമുണ്ടെന്നാണു് എന്റെ അറിവു്.

Mr. N. Govinda Pai *(Nominated)*: You will please refer to the Census report if you want to know the educational status of the Saraswath Brahmin community.

മിസ്റ്റർ എ. വി. മുത്തേടൻ: പേരു പറയുവാൻ പാടില്ലാത്ത ആളുടെ അഭിപ്രായംകൊണ്ടു യാതൊരു വിലയുമില്ല.

മിസ്റ്റർ സി. വി. ഇയ്യു: ഏതെങ്കിലുമൊരു സമുദായത്തിനു് ആവശ്യമില്ലാത്ത ഒരു സാമുദായിക നിയമം ആ സമുദായത്തിന്റെ തലയിൽ കെട്ടിവെക്കുന്നതു ശരിയല്ല. എല്ലാറ്റിനും പുറമെ ഫൈവയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയുമായി വിവാഹബന്ധത്തിലേർപ്പെട്ടിട്ടുള്ള ഒരു പുരുഷൻ തന്നെ സംയോഗം നടത്തിയാൽ പീനൽ കോഡിലെ ഒരു വകുപ്പുപ്രകാരം പുരുഷൻ സ്ത്രീയെ ബലാൽസംഗം ചെയ്തതായി വിചാരിക്കപ്പെടുത്തക്ക കുറ്റമാണു്. ആ ഫൈവയസ്സ് ഫൈവ് ആക്കിയാൽ ഈ ബിൽ വിവക്ഷിക്കുന്ന ആവശ്യങ്ങളും നടക്കും.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: അങ്ങിനെയുള്ള വല്ല കേസുകളും ഇന്നുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: അതിനു് ബഹുമാനപ്പെട്ട പോലീസ് മെമ്പർ തന്നെ മറുപടി പറയണം. അങ്ങിനെ എത്രപേർ പോലീസിന്റെ മുമ്പിൽ കംപ്ലെയിന്റു് കൊടുക്കുന്നതിനു് ഇടയായിട്ടുണ്ടെന്നുള്ളതു് അദ്ദേഹത്തിനറിയാം. അതില്ലെങ്കിൽ പിന്നെ ഇപ്പോൾ നിലവിലുള്ള നടപടി ഇങ്ങിനെതന്നെ നടപ്പിലിരിക്കുവാൻ എന്തുകൊണ്ടു അനുവദിച്ചുകൂടാ? അതുകൊണ്ടു് പരദേശബ്രാഹ്മണരെ ഈ ബില്ലിൽനിന്നു ഒഴിവാക്കുന്നപക്ഷം ഞാൻ ഇതിനെ അനുകൂലിക്കാം. അല്ലെങ്കിൽ ഞാൻ പ്രതിനിധീകരിക്കുന്ന പരദേശബ്രാഹ്മണരേയും അവരുടെ സ്ത്രീകളേയും ഉദ്ദേശിച്ചു എതിക്കാതെ തരമില്ല. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലത്തിന്റെ പേരിൽ ഈ സംഗതിയിൽ എനിക്കുള്ള അഭിപ്രായങ്ങൾ എന്റെ വിവേചനാശക്തിയുപയോഗിച്ചാണ് പറയുന്നത്. അതുകൊണ്ട് ഒരു ന്യൂനപക്ഷമായ ബ്രാഹ്മണരെ പ്രതിനിധീകരിക്കുന്ന ബ്രാഹ്മണേതരർ ഈ സംഗതിയിൽ ശ്രദ്ധിപക്ഷബലം പ്രയോഗിക്കരുതെന്നു് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: മിസ്റ്റർ പ്രസിഡന്റ്, സർ, ബഹുമാനപ്പെട്ട എറണാകുളം ലേഡി മെമ്പർ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ എതിർക്കുന്നതിൽ എനിക്കു അതിയായ സങ്കടമുണ്ട്. എങ്കിലും പരിതസ്ഥിതികളാലോചിക്കുമ്പോൾ ഇതിനെ എതിർക്കാതേയും നിവൃത്തിയില്ല. ഇതിനുമുമ്പു് ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ അതു സക്കുലേഷനു് അയക്കണമെന്നു് പലരെ ശക്തിയോടുകൂടി ആവശ്യപ്പെട്ടതു് ഞാനാണ്. ഈ ബിൽ ന്യായമായി ബാധിക്കുന്നതായ ബ്രാഹ്മണ സമുദായത്തിനു് ആവശ്യമുണ്ടോ എന്നുള്ള സംഗതി വ്യക്തമായി ധരിക്കുവാനുള്ള സൌകര്യം ഇല്ലാതിരുന്നതുകൊണ്ടു മാത്രമാണ് ആ വിധം സക്കുലേഷനു് അയക്കുവാൻ ഞാൻ അഭിപ്രായപ്പെട്ടതു്. അതുകഴിഞ്ഞു് പലേ ദിക്കുകളിലും സഞ്ചരിച്ചു് അന്വേഷണം നടത്തിയതിലും എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകളോടു് അഭിപ്രായങ്ങൾ ചോദിച്ചറിഞ്ഞതിലും, ഈ ബില്ലിനെ സംബന്ധിച്ചു് അനേകം ആളുകൾ അയച്ചിട്ടുള്ള അഭിപ്രായങ്ങൾ പരിശോധിച്ചതിലും ഈ ബിൽ ബ്രാഹ്മണ സമുദായത്തിനു ആവശ്യമില്ലെന്നു അവർ വാദിക്കുന്നതായിട്ടാണ് എനിക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. എന്റെ സ്വന്തം നിലയിലും, ബ്രാഹ്മണ സമുദായത്തിലെ ഒരംശമെന്ന നിലയിലും, എന്റെ നിയോജകമണ്ഡലത്തിൽ അധിവസിക്കുന്ന കൂടുതൽ ജനസംഖ്യയുള്ള ബ്രാഹ്മണ സമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിലും എനിക്കു ഈ ബില്ലിനെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതേ സമയത്തുതന്നെ എന്റെ പാർട്ടിയുടെ നേതാവെന്നുള്ള നിലയിലല്ല എതിർക്കുന്നതെന്ന സംഗതിയും, ഞങ്ങളുടെ പാർട്ടിയിലുള്ള എല്ലാ മെമ്പർമാർക്കും ഈ വിഷയത്തിൽ അവരവരുടെ ഇഷ്ടംപോലെ ചെയ്യാവുന്നതാണെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എനിക്കു എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മിസ്റ്റർ കൃഷ്ണൻകുട്ടി പറഞ്ഞ ചില സംഗതികളെപ്പറ്റി പറയുവാനുണ്ട്.

നിങ്ങൾ എത്രതന്നെ പറഞ്ഞാലും ഞാൻ സനാതനത്തിൽ വിശ്വസിക്കുന്ന ഒരാളാണ്. സനാതനമെന്നുവെച്ചാൽ അമ്പലത്തിൽ കയറുവാൻ പാടില്ല, അല്ലെങ്കിൽ അമ്പലത്തിൽ കടക്കണമെന്നാണ് അർത്ഥമെന്നു വിചാരിച്ചുകൊണ്ട് നിങ്ങൾ ഈ സനാതനത്തെ എതിർക്കുന്നതു തീരെ തെറ്റാണ്. അങ്ങിനെയുള്ള നടപടികൾ മാത്രമാണ് സനാതനത്തിൽ അടങ്ങീട്ടുള്ളതു് എന്നുണ്ടെങ്കിൽ നിങ്ങൾ എതിർത്തതു ശരിയാണെന്നു സമ്മതിക്കാമായിരുന്നു. അതുപോലെതന്നെ നായർ സമുദായത്തിലും മറ്റു സമുദായങ്ങളിലും പെട്ട മെമ്പർമാരോടും എനിക്കു ഒരു സംഗതി പറയുവാനുണ്ട്. സനാതനധർമ്മം എന്നു പറയുന്നതു് സകല ഹിന്ദുക്കളേയും ബാധിക്കുന്ന ഒന്നാണ്.

Dr. A. R. Menon *(Minister for Rural Development)*: What is *sanathana*?

Mr. T. V. Subramania Ayyar *(Nemmara)*: That is eternal wisdom. It is applicable to all persons.

LIBRARY ARCHIVES Kerala Legislative Assembly

സനാതനം എന്നു പറഞ്ഞാൽ അതു ബ്രാഹ്മണർ അനുസരിക്കുന്നതാണെന്നും അവർ അനുസരിക്കുന്നതടപടികൾ ചീത്തയായാലും നല്ലതായാലും എതെല്ലാം സനാതനമാണെന്നുള്ള ഒരു ക്രെഡിറ്റ് ബ്രാഹ്മണർക്കു കൊടുക്കരുതു്. അങ്ങിനെ ചെയ്യുന്നതു് പരിപാവനമായ സനാതനത്തിന്റെ നാമത്തെ കേടുവരുത്തുന്നതായിട്ടെ വരികയുള്ളൂ. അങ്ങിനെയുള്ള ഒരു മനസ്ഥിതി എന്റെ മാനുഷ്യസ്നേഹിതനോ, മറ്റു ഹിന്ദുക്കളായ സഹോദരന്മാർക്കോ ഉണ്ടെങ്കിൽ അവർ ഇനിയെങ്കിലും ആ വിചാരത്തെ നിരോധിക്കണമെന്നു ഞാൻ അവരോടു വളരെ ശക്തിയായി പറഞ്ഞുകൊള്ളുന്നു. എനിക്കു എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണൻകുട്ടിയെപ്പോലെ മലയാളത്തിൽ പ്രസംഗിക്കുവാനുള്ള പരിജ്ഞാനം ഇല്ലെങ്കിലും ഞാൻ എന്റെ അഭിപ്രായം എന്താണെന്നു് ഇവിടെ പറയാം. ഇതിൽ രണ്ടുമൂന്നു സംഗതികൾ പ്രത്യക്ഷമായി കാണുന്നുണ്ടു്. പഴയകാലത്തു നടപ്പുണ്ടായിരുന്ന ആചാരങ്ങൾ തെറ്റാണെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളവർക്കും കറക്കാലത്തിനുശേഷമുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലമുണ്ടായിട്ടുള്ള മനഃപരിവർത്തനത്തിന്റെ ഫലമായിട്ടു്, അവരവരുടെ സ്വന്തം അനുഭവങ്ങൾകൊണ്ടു് അനേക ആചാരങ്ങൾ വളരെ തരിയാണെന്നു തന്നത്താൻ തോന്നാവുന്ന പല കാര്യങ്ങളും വെളിപ്പെടുന്നുണ്ടു്. മെഡിക്കൽ സംബന്ധമായി നോക്കിയാലും, ഹൈജിൻ സംബന്ധമായി നോക്കിയാലും പഴയ ആചാരങ്ങൾ നല്ലതാണെന്നു പ്രത്യക്ഷത്തിൽ വെളിപ്പെടുന്നതാണു്. ഇവിടെ വിദ്വാന്മാരായ ഡോക്ടർമാരും, ആരോഗ്യശാസ്ത്രജ്ഞന്മാരും ഉള്ളതുകൊണ്ടു് ഞാൻ പറയുന്നതിൽ വല്ല തെറ്റുകളുമുണ്ടെങ്കിൽ അതു തിരുത്തിത്തരണമെന്നപേക്ഷിക്കുന്നു. തൊൽക്ഷയരോഗത്തിനു വളരെ വിശേഷപ്പെട്ട ഒരു സാധനമാണെന്നുള്ളതു് നാട്ടുവൈദ്യം അറിയാവുന്ന ഏവരും സമ്മതിക്കുന്നതാണു്. അതു പഴയ സമ്പ്രദായമാണു്, പഴയ നടപടിയാണു്, ബ്രാഹ്മണർ അതുപയോഗിക്കും, അതുകൊണ്ടു് അതു സനാതനമാണു് എന്നു പറഞ്ഞു് അതിനെ എതിർക്കുന്ന മനസ്ഥിതി തെറ്റാണു്. അതുപോലെതന്നെയാണു് മോരു്. ഹൈക്കോടതി ജഡ്ജിയായിരുന്ന സർ സങ്കരൻനായർ മരിക്കുന്നതിനുമുമ്പു് സുഖക്കേടുമൂലം വളരെ കഷ്ടപ്പെട്ടുകൊണ്ടിരുന്ന ഒരാളാണു്. അനേകായിരം ഉപചാരവിധികൾ വാക്കി മരുന്നുകൾ കഴിച്ചിട്ടും രോഗം മാറിക്കണ്ടില്ല. പിന്നീടു് ആ രോഗത്തിനു് മോരു വളരെ വിശേഷമാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. അങ്ങിനെ അദ്ദേഹം മോരു ഉപയോഗിച്ചു തുടങ്ങിയതിനുശേഷം സുഖക്കേടു ക്രമത്തിൽ ഭേദപ്പെടുകയുണ്ടായി. ഇതുമാതിരി പറയുകയാണെങ്കിൽ പല കാര്യങ്ങളും പറയുവാനുണ്ടു്. ഈ ശൈശവവിവാഹ ബില്ലിനു എതിരായി നില്ക്കുന്നവർ സനാതനികളാണെന്നും, പഴയ ആചാരങ്ങളെ ആചരിച്ചുവരുന്നവരാണെന്നും മറ്റും പറയുന്ന മനസ്ഥിതിയും, പഴയ ആചാരങ്ങൾ ചീത്തയാണെന്നു പറയുന്ന മനസ്ഥിതിയും വളരെ തെറ്റായിട്ടുള്ളതാണെന്നാണു് ഞാൻ പ്രസ്താവിക്കുവാൻ. വളരെ പ്രായം ചെന്നിട്ടുള്ള സ്ത്രീകളുടെ വിവാഹത്തെ സംബന്ധിച്ചിടത്തോളം അതെത്രമാത്രം ഉണകരമാണെന്നുള്ള കാര്യത്തിൽ മെഡിക്കൽ പ്രാക്ടീസ് ചെയ്യുന്നവരുടേയും, സോഷ്യൽ വർക്കേഴ്സിന്റേയും ഇടയിൽ വളരെ അഭിപ്രായവ്യത്യാസങ്ങളുണ്ടു്. പ്രായം അധികമായിട്ടുള്ള സ്ത്രീകൾ പ്രസവിക്കുന്നതിനു വളരെ ബുദ്ധിമുട്ടുണ്ടാവുമെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. ഒരുപക്ഷെ ഞാൻ പറയുന്നതു് തെറ്റായിരിക്കാമെന്നു് എനിക്കറിഞ്ഞുകൂടാ. ഫസ്റ്റ്-, ഫോർ-, ഫൈവ്-ം വയസ്സായതിനുശേഷം സ്ത്രീകൾ വിവാഹം ചെയ്യുന്നതുകൊണ്ടു തെറ്റുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: സ്ത്രീപുരുഷന്മാർ തമ്മിലുള്ള സംസ്ഥാനം.....

Deputy President: Will you take more time ?

Mr. T. V. Subramania Ayyar *(Nemmara):* I will take some more time.

Deputy President: Then we will continue the discussion to-morrow.

The House rose for the day at 5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly